**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5151** **04-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഭൂരഹിത കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ് ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ വകുപ്പിന്റെ കണക്കുകൾ പ്രകാരം നിലവിൽ സംസ്ഥാനത്ത് എത്ര ഭൂരഹിത കുടുംബങ്ങളാണ് ഉള്ളത്; അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ ഭൂരഹിത കുടുംബങ്ങളുടെ എണ്ണം ദിനംപ്രതി വ്യത്യാസപ്പെടുന്ന സാഹചര്യത്തിൽ അത്തരത്തിലൊരു വിവരശേഖരണം റവന്യൂ വകുപ്പ് മുഖേന നടത്തിയിട്ടില്ലാത്തതും വിവരം റവന്യൂ വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതുമാണ്. |
| (ബി) | ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | " എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ " എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി റവന്യൂ വകുപ്പ് പട്ടയമിഷൻ എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതും, 19-04-2023-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പട്ടയ മിഷൻ രൂപീകരിച്ചിട്ടുള്ളതുമാണ്.<br><br>ഇതിന്റെ ഭാഗമായി ഒരു നിയമസഭാ നിയോജക മണ്ഡലത്തിലെ പട്ടയ വിഷയങ്ങൾ കണ്ടെത്തി പട്ടയ മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിയോജക മണ്ഡല അടിസ്ഥാനത്തിൽ പട്ടയ അസംബ്ലി എന്ന പേരിൽ നിയമസഭാ സമാജികന്റെ അദ്ധ്യക്ഷതയിൽ നിയോജക മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ആറ് മാസത്തിലൊരിക്കൽ യോഗം ചേർന്നു കൊണ്ട് പുരോഗതി വിലയിരുത്തി വരുന്നു. പട്ടയ വിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഓരോ വില്ലേജിലെയും ഭൂരഹിതരുടെ എണ്ണം ഭൂമിയുടെ ലഭ്യത പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ കണ്ടെത്തി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ഒരു ഡാഷ് ബോർഡും സജ്ജമാക്കി പ്രവർത്തിച്ചു വരുന്നുണ്ട്. ടി പോർട്ടലിൽ ലഭ്യമായിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാന തലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവയ്ക്ക് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ലാന്റ് |

| | | | | |
|---|---|---|---|---|
| | | | | റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവ് മുഖേനയോ ചട്ട ഭേദഗതിയിലൂടെയോ പരിഹരിക്കേണ്ടവയിൽ സർക്കാർ തലത്തിലും നടപടി സ്വീകരിച്ച് വരുന്നു.<br><br>“ കേരള ഗവൺമെന്റ് ഭൂമി പതിച്ചു നൽകൽ ആക്ട് 1960 ന്റെ ” അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് “ 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ ” പ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് “ 1995-ലെ കേരള മുനിസിപ്പൽ - കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങൾ ” പ്രകാരവുമാണ് ഭൂരഹിതർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മൂന്ന് വർഷ കാലയളവിനുള്ളിൽ 153103 പട്ടയങ്ങൾ നൽകി കൊണ്ട് ഭൂ രഹിതരായ കുടുംബങ്ങളെ ഭൂമിയുടെ അവകാശികളാക്കിയിട്ടുണ്ട്.<br><br>1964 ലെയും 1995 ലെയും ഭൂമിപതിവു ചട്ടങ്ങൾ പ്രകാരം രൂപീകൃതമായതും അതാത് പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ ഉൾപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതാത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്ന മുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദിച്ചു വരുന്നത്. ഇത് കൂടാതെ നിലവിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നു വരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ അതിദരിദ്ര കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാരും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് തഹസിൽദാർ മുഖേന വില്ലേജ് ജനകീയ സമിതിയിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യതയെ കുറിച്ച് അന്വേഷണം നടത്തി വരുന്നതും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് അതാതു വില്ലേജുകളിലോ തൊട്ടടുത്ത വില്ലേജുകളിലോ ഭൂമി നൽകുന്നതിനുള്ള നടപടിയും നടത്തി വരുന്നു. നിയമപരമായ എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി അർഹരായ എല്ലാവർക്കും കാലതാമസം കൂടാതെ പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ